പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 677 **13-10-2026-ൽ മറുപടിയ്ക്ക്**

സർവീസ് സഹകരണ ബാങ്കുകളുടെ വികസനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. വി. ഇബ്രാഹിം ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം സർവീസ് സഹകരണ ബാങ്കുകളുടെ വികസനത്തിന് ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും പുതിയ എത്ര സർവീസ് സഹകരണ ബാങ്കുകൾക്ക് അനുമതി നൽകിയെന്നും വ്യക്തമാക്കാമോ;

മറുപടി: ഈ സർക്കാർ നിലവിൽ വന്ന ശേഷം സർവ്വീസ് സഹകരണ ബാങ്കുകളുടെ വികസനത്തിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

- 100% ഊർജ്ജ സ്വയംപര്യാപ്ത ഗ്രാമങ്ങൾ

സഹകരണ സംഘങ്ങളിൽ പുനരുപയോഗ ഊർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുക, പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളെ ആശ്രയിക്കുന്നത് കുറയ്ക്കുക, പരിസ്ഥിതി സുസ്ഥിരതയ്ക്ക് സംഭാവന നൽകുക എന്നിവയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഊർജ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സൗരോർജ്ജം ക്രമബദ്ധമായി വിനിയോഗിക്കുകയും കേരള സംസ്ഥാന വൈദ്യുതി ബോർഡിനെ (കെ.എസ്.ഇ.ബി) ആശ്രയിക്കുന്നത് കുറയ്ക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പിലാക്കിയ പുതിയ പദ്ധതിയാണിത്.

- സഹകരണ മേഖലയിൽ PCP (പൊതു സഹകരണ പങ്കാളിത്തം മാതൃകയിലുള്ള പ്രോജക്ടുകൾ ആരംഭിക്കുന്നതിനുള്ള ധനസഹായം

പൊതുമേഖലാ സ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും സംയുക്തമായി അടിസ്ഥാന സൗകര്യങ്ങൾ, പൊതുസേവനങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ എന്നിവ ജനങ്ങൾക്ക് ലഭ്യമാക്കുന്ന വികസന മാതൃകയാണ് പബ്ലിക് കോ-ഓപ്പറേറ്റീവ് പാർട്ണർഷിപ്പ് (പി.സി.പി) മാതൃക. ഈ മാതൃകയിൽ സർക്കാർ ധനസഹായം, ഭൂമി, നയപരമായ പിന്തുണ, സാങ്കേതിക മാർഗനിർദേശം എന്നിവ നൽകുമ്പോൾ, സഹകരണ സ്ഥാപനങ്ങൾ സാമ്പത്തിക നിക്ഷേപം, പദ്ധതി ആസൂത്രണം നടപ്പാക്കൽ, മാനേജ്മെന്റ് എന്നിവയിൽ പങ്കാളികളാകുന്നു. ആരോഗ്യം, ടൂറിസം, വിപണനം, അടിസ്ഥാന സൗകര്യ വികസനം , സ്റ്റാർട്ടപ്പുകൾ തുടങ്ങിയ മേഖലകളിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

കൂടാതെ സംഘങ്ങളുടെ വായ്പ കുടിശ്ശിക കുറച്ച് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ആശ്വാസ് എന്ന പേരിൽ One Time Settlement (OTS) നടപടികൾ , സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ വിശ്വാസം സംരക്ഷിക്കുന്നതിനായി വിശ്വാസ് എന്ന പേരിൽ പ്രത്യേക പദ്ധതി രൂപീകരണം, സാങ്കേതിക വിദ്യയുടെ സഹായത്തോടെ സഹകരണ മേഖലയെ അഴിമതി/ക്രമക്കേട്/

പണാപഹരണം എന്നിവയിൽ നിന്നും മുക്തമാക്കുന്നതിനുള്ള നടപടികൾ എന്നിവ സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പുരോഗമിച്ചു വരുന്നു.

പുതിയ സർവീസ് സഹകരണ ബാങ്കുകൾക്ക് അനുമതി നൽകിയിട്ടില്ല.

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം ആശ്വാസ് തുടങ്ങിയ പദ്ധതികളിൽപ്പെടുത്തി എത്ര തുകയുടെ വായ്പാ ഇളവുകൾ അനുവദിച്ചുവെന്ന വിശദാംശം ലഭ്യമാക്കാമോ;

<u>മറുപടി:</u> ഈ സർക്കാർ നിലവിൽ വന്നശേഷം ആശ്വാസ് തുടങ്ങിയ പദ്ധതികളിൽ പ്പെടുത്തി 43,955.34 ലക്ഷം രൂപയുടെ ഇളവുകൾ അനുവദിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പുതിയ എത്ര സർവീസ് സഹകരണ ബാങ്കുകൾക്ക് അനുമതി നൽകി എന്ന് അറിയിക്കാമോ;

<u>മറുപടി:</u> ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പുതിയ സർവീസ് സഹകരണ ബാങ്കുകൾക്ക് അനുമതി നൽകിയിട്ടില്ല .

(ഡി) ആലിൻചുവട് സർവീസ് സഹകരണ ബാങ്കിന് വെളിമുക്ക് എന്ന പ്രദേശത്ത് ഒരു ശാഖ അനുവദിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>മറുപടി:</u> വെളിമുക്ക് സർവ്വീസ് സഹകരണ ബാങ്കിന് ആലിൻചുവട് പ്രദേശത്ത് ഒരു ശാഖ അനുവദിക്കുന്നതിനുള്ള അപേക്ഷ **21.08.2026** ൽ മലപ്പുറം ജോയിന്റ് രജിസ്ട്രാർ**(**ജനറൽ**)** ഓഫീസിൽ ലഭിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി **01.10.2026** തീയതിയിൽ മലപ്പുറം ജോയിന്റ് രജിസ്ട്രാർ**(**ജനറൽ**)** ഉം മലപ്പുറം ജോയിന്റ് ഡയറക്ടർ **(**ആഡിറ്റ്**)** ഉം ജോയിന്റ് സർവ്വേ നടത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ